ഡിസ്പെൻസറികളെന്നുള്ളതു് മാറ്റിയിട്ടു് ഒന്നാക്കിയിരിക്കുകയാണു്. അങ്ങനെ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ മുമ്പു ജില്ലാ വികസന കൗൺസിലുകൾ തയാറാക്കിയിട്ടുള്ള ശുപാർശ അനുസരിച്ചു് മുൻഗണന കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ജില്ലാ വികസന കൗൺസിലുകൾ അങ്ങനെ വീണ്ടും തീരുമാനിക്കുന്നപക്ഷം അതു് സ്വീകരിക്കുന്നതിനു് യാതൊരു വിരോധവുമില്ല.

ശ്രീ. കുറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു്: അന്തിക്കാടു് ഒരു ഡിസ്പെൻസറിയുടെ പണി തുടങ്ങിയിട്ടു് മൂന്നു നാലു കൊല്ലത്തോളമായി. കഴിഞ്ഞ വർഷവും അതിനുവേണ്ടി കുറെ തുക നീക്കിവെച്ചിരുന്നു. ഇക്കൊല്ലം അതിലേക്കു വേണ്ടി വല്ല തുകയും അലോട്ടു ചെയ്തിട്ടുണ്ടോ? ഇതുവരെയായിട്ടും ആ ഡിസ്പെൻസറിക്കു് യാതൊരു വികസനവും ഉണ്ടായിട്ടില്ലെന്നുള്ളതു് കണക്കിലെടുത്തു് കഴിയുന്നതും വേഗം അതു് പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനെപ്പറ്റി ശ്രദ്ധിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകം ചോദ്യം ചോദിക്കണം. എങ്കിൽ മാത്രമേ വ്യക്തമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ചില ഡിസ്പെൻസറികളിൽ ആവശ്യത്തിനു് ഡോക്ടറന്മാരും, നെഴ്സുകളും രാത്രിസമയങ്ങളിൽ ഇല്ലാത്തതുകൊണ്ടു് രോഗികൾ വളരെയധികം ബുദ്ധിമുട്ട അനുഭവിക്കുന്നുവെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കല്പറ ഡിസ്പെൻസറിയിൽനിന്നും ഇങ്ങനെയുള്ള വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഡിസ്പെൻസറികളിൽ ബന്ധിപ്പില്ലാത്ത സ്ഥലത്താണെങ്കിൽ ആളിന്റെ ആവശ്യമില്ല. രോഗികൾ കിടക്കുന്നിടത്താണെങ്കിൽ ആവശ്യത്തിനുള്ള ആളും കാണും.

ശ്രീ. ഓ. കോരൻ : ആവശ്യമുള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറികളെ അപ്ഗ്രേഡു് ചെയ്യുമെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ തളിപ്പറമ്പ താലൂക്കിൽ പയ്യന്നൂർ മലയോരപ്രദേശത്തുള്ള ഡിസ്പെൻസറി അവിടെയുള്ള ആളുകൾക്കു് വളരെ അത്യാവശ്യമുള്ള ഒരു സ്ഥാപനമാണെന്നുള്ളതു് കണക്കിലെടുത്തു് അതൊരു ആശുപത്രിയാക്കി ഉയർത്തുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഓരോ ഡിസ്പെൻസറിയിലെ കാര്യവും ഇങ്ങനെ പ്രത്യേകം പ്രത്യേകമായി ചോദിച്ചാൽ മറുപടി പറയാൻ വിഷമമാണു്. ഇതിനെ സംബന്ധിച്ചു് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണു്.

റബ്ബർ പ്ലാന്റേഷൻ പദ്ധതിക്കായി വിതരണം ചെയ്ത ഭൂമി.

* 841. [7] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65-ൽ റബ്ബർ പ്ലാന്റേഷൻ പദ്ധതിക്കായി ഭൂമി വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയേക്കറാണു്; ഏതെല്ലാം ജില്ലയിലാണു്;

(സി) റബ്ബർ പ്ലാന്റേഷൻ പദ്ധതിക്കായി എത്ര രൂപ നീക്കിവയ്ക്കുന്നുണ്ടു് ;

(ഡി) ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദ്ദേശം ആറു ലക്ഷത്തോളം രൂപ നീക്കിവയ്ക്കേണ്ടിവന്നു. നീക്കി വച്ചിട്ടുള്ളതാണ്. ബഡ്ഡറ്റ് തയ്യാറാക്കാത്തതുകൊണ്ടാണ്.

(ഡി) ഇല്ല.

റബ്ബർ പ്ലാന്റേഷൻ ലോൺ

* 842. [13] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ കൃഷിക്കുള്ള ലോണിനുവേണ്ടി അപേക്ഷിച്ചവരിൽ അധികംപേർക്കും നിശ്ചിത തുക അവധി കഴിഞ്ഞിട്ടും ഇനിയും കൃത്യമായി അനുവദിച്ച് കിട്ടുന്നില്ലെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും തക്കസമയത്തു് അയച്ചുകൊടുത്തിട്ടും ഇനിയും സംഖ്യ അനുവദിച്ചിട്ടില്ലാത്ത എത്ര കേസുകൾ ജില്ലാ അടിസ്ഥാനത്തിൽ നിലവിലുണ്ട് ;

(സി) ഇവർക്ക് കഴിയുന്ന വേഗത്തിൽ ലോൺ അനുവദിച്ചുകൊടുക്കാനുള്ള സത്വരനടപടികളെടുക്കാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) പ്രസ്തുത പദ്ധതിപ്രകാരമുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് അപേക്ഷിച്ചവർക്കെല്ലാം സമയത്തുതന്നെ ലോൺ കൊടുത്തിട്ടുണ്ട്.

(ബി) ചട്ടപ്രകാരമുള്ള രേഖകളും സർട്ടിഫിക്കറ്റും ഹാജരാക്കി അപേക്ഷിച്ചവരിൽ ആർക്കും ലോൺ അനുവദിക്കാതിരുന്നിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : അലോട്ട് ചെയ്തിട്ടുള്ള ബ്ലോക്കുകളിൽ ഏതിലെങ്കിലും പണം വാങ്ങിയിട്ട് നിർദ്ദേശമനുസരിച്ച് കൃഷി ചെയ്യാതെ ഭൂമി വെറുതേയിട്ടിരിക്കുന്നതിനെപ്പറ്റി ഗവണ്മെന്റു് വല്ല കണക്കുമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആ കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ;

ശ്രീ. ഈ. പി. പൗലോസ് : കുറേ ആളുകൾ അങ്ങനെ കൃഷി ചെയ്യാതെ ഇരുപ്പുണ്ട്. അവർക്ക് കൊടുത്തിട്ടുള്ള ലോണിനെ സംബന്ധിച്ച് ഒരു തീരുമാനവും എടുക്കാതെ മറ്റൊന്നും ചെയ്യാൻ നിവൃത്തിയില്ല. ആ കണക്ക് അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : 1963–64-ൽ ഭൂമി കൊടുക്കാമെന്നു പറഞ്ഞ് അപേക്ഷകൾ ക്ഷണിച്ചവരുണ്ടായോ; എത്ര അപേക്ഷകൾ ആ കാലയളവിൽ ലഭിച്ചു; അപേക്ഷകർക്ക് ഭൂമി കൊടുക്കാൻ ഒരുക്കമില്ലെന്നു വന്നതിനു ശേഷം അവർക്ക് ഹർജി അയക്കുന്നതിനും മറ്റും ചെലവായിട്ടുള്ള സംഖ്യ തിരിച്ചുകിട്ടണമെന്നുള്ള നിലയിൽ വല്ലവരും അപേക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : തിരിച്ചു കിട്ടണമെന്നു അപേക്ഷിച്ചതായി ഞാൻ ഓർക്കുന്നില്ല. എത്ര പേർ അപേക്ഷിച്ചു എന്നും എണ്ണിക്കൊണ്ടാണ് കൊടുക്കാൻ സാധിക്കാതെ വന്നതെന്നുമുള്ള കാര്യത്തെപ്പറ്റി ഒന്നിലധികം പ്രാവശ്യം ഞാനിവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly